**വളരെ അടിയന്തിരം**

സമയപരിധി

നമ്പർ : ICPS 2/9434/2017

സാമൂഹ്യ നീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 10/07/2017

സാമൂഹ്യ നീതി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

സർ/മാഡം,

വിഷയം : സാമൂഹ്യ നീതി വകുപ്പ് : ഐ.സി.പി.എസ് :- സംസ്ഥാന ജില്ലാ ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ശുപാർശ - സംബന്ധിച്ച്

സൂചന : (1) Writ Petition (Criminal) No. 102 OF 2007-മേലുള്ള ബഹു. സുപ്രീംകോടതി ഉത്തരവ്.
(2) 27/05/2017, 27/06/2017 എന്നീ തീയതികളിലെ 1072164/ഇ2/2017/സാനീവ നമ്പർ സർക്കാർ കത്തുകൾ.
(3) ഈ കാര്യാലയത്തിൽ നിന്നുള്ള 19.06.2017-ലെ ഐ.സി.പി.എസ് 1/8735/2017 നമ്പർ കത്ത്

ജെ.ജെ ആക്റ്റ് 2015 സെക്ഷൻ 54(1), 2016-ലെ മോഡൽ റൂൾസ് 41 (8) എന്നിവ പ്രകാരം ജില്ലാ തലത്തിൽ ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി ജില്ലാതലത്തിലുള്ള പ്രതിനിധികളുടെ പേരുവിവരങ്ങൾ അറിയിക്കുവാൻ സൂചന മൂന്ന് പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. ആയത് നാളിതുവരെ ലഭ്യമായിട്ടില്ല. 31/07/2017-നു മുൻപ് ഇൻസ്പെക്ഷൻ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ജില്ലാതല ഇൻസ്പെക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട താഴെപ്പറയുന്നവരുടെ പേരും മേൽവിലാസവും അടങ്ങുന്നവിവരങ്ങൾ **11/07/2017-ന് വൈകുന്നേരം 5 മണിയ്ക്ക്** മുമ്പായി ഈ കാര്യാലയത്തിൽ ഇ-മെയിൽ (icpskerala@gmail.com) മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

1. കുട്ടികളുടെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു സാമൂഹ്യപ്രവർത്തകൻ.
2. കുട്ടികളുടെ രംഗത്ത് പ്രവർത്തിച്ചു പരിചയമുള്ള ഒരു മാനസികാരോഗ്യ വിദഗ്ദൻ.

വിശ്വസ്തതയോടെ

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി